www.malankaralibrary.com
OCTOBER 2025 | Vol. 4 | Issue:10

"YOU ARE THE LIGHT OF THE WORLD" (MT 5:14)

# The Light

Catholic Doctrines Simplified

*A Joint Venture of*
DOCTRINAL COMMISSION AND INTERNET MISSION OF THE SYRO MALABAR CHURCH



# നിഖ്യാ സൂനഹദോസ് 1700-ാം വാർഷികം: അർത്ഥവും പ്രസക്തിയും

ഡോ. പോൾ പുളിക്കൻ

www.malankaralibrary.com



Designed and published by
Syro Malabar Church Internet Mission (SMCIM)

Matter prepared by Doctrinal Commission

എല്ലാ ക്രൈസ്തവരെയും ഒന്നിപ്പിക്കുന്ന ഒരു വിശ്വാസ പ്രഖ്യാപനമാണ് കൗൺസിൽ പുറപ്പെടുവിച്ചത്. എക്യുമെനിക്കൽ ഡയലോഗ് ആരംഭിക്കുവാനുള്ള ഏറ്റവും അടിസ്ഥാനപരമായ തത്വങ്ങൾ കൗൺസിൽ പ്രഖ്യാപനത്തിൽ ഉണ്ട്. അതുകൊണ്ടാണ് ലെയോ പതിനാലാമൻ പാപ്പ 'ക്രൈസ്തവരുടെ പൂർണ്ണവും ദൃശ്യവുമായ ഐക്യത്തിലേക്ക് നയിക്കുന്ന ദിശാസൂചി ആകണം നിഖ്യാ വിശ്വാസം' എന്ന് പ്രഖ്യാപിച്ചത്



www.malankaralibrary.com

# നിഖ്യാ സൂനഹദോസ് 1700–ാം വാർഷികം: അർത്ഥവും പ്രസക്തിയും

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം പോലെ ചരിത്രത്തിൽ ഇത്രമാത്രം ഓർമ്മിക്കപ്പെടുകയും ഉരുവിടപ്പെടുകയും ചെയ്യപ്പെടുന്ന മറ്റൊരു പ്രാർത്ഥനയില്ല. ഈ വിശ്വാസപ്രമാണം ഏറ്റു ചൊല്ലുമ്പോൾ നമുക്ക് മുൻപേ അത് ചൊല്ലിയ നൂറുകണക്കിന് തലമുറകളുടെ വിശ്വാസത്തിൽ നാമും പങ്കുചേരുകയാണ്. സന്തോഷത്തിലും ദുഃഖത്തിലും വിജയങ്ങളിലും അനർത്ഥങ്ങളിലും ദൈവത്തിലുള്ള വിശ്വാസം ഏറ്റുപറയാൻ ക്രൈസ്തവജനതതി ഈ വിശ്വാസപ്രമാണം ഉപയോഗിച്ചു. ബൃഹത്തായ കത്തീഡ്രലുകളിലും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട ഇരുട്ടറകളിലും ഈ വിശ്വാസപ്രമാണം ജനലക്ഷങ്ങൾ ഏറ്റുചൊല്ലി. ഈ വിശ്വാസപ്രമാണത്തിന്റെ അർത്ഥതലങ്ങളിലേക്കും അതിന്റെ കാലിക പ്രസക്തിയിലേക്കും നമുക്ക് കടന്നുചെല്ലാം.

## നിഖ്യാ സൂനഹദോസ്

'ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്' (മത്തായി 16:15). ഈ ചോദ്യത്തിനുള്ള ഉത്തരമാണ് നിഖ്യാ സൂനഹദോസ് (കൗൺസിൽ). ആരിയൂസ് നേതൃത്വം കൊടുത്ത പാഷണ്ഡതയെ തള്ളിക്കളയാൻ ഈ

www.malankaralibrary.com




കൗൺസിലിന് സാധിച്ചു. ആരിയൂസിന്റെ പഠനത്തിൽ ‘ക്രിസ്തു ദൈവമല്ല, ദൈവത്തിന്റെ ഏറ്റവും പൂർണ്ണ സൃഷ്ടി മാത്രമാണ്’. Consubstantial (ഗ്രീക്കിൽ homoousios) എന്ന പദം ഉപയോഗിച്ചുകൊണ്ട് (മലയാളത്തിൽ ‘സാരാംശത്തിൽ സമൻ’ എന്ന് വിവർത്തനം ചെയ്യാം) പിതാവും പുത്രനും ഒരേ ദൈവികസത്തയിൽ പങ്കുകൊള്ളുന്നു എന്ന് കൗൺസിൽ പഠിപ്പിച്ചു.

Homoousios എന്ന പദത്തോട് രണ്ടു വാക്കുകൾ - ousia (essence), hypostasis- ബന്ധപ്പെട്ട് നിൽക്കുന്നു. ദൈവത്തിന്റെ പൊതുസ്വഭാവവും (ousia) ദൈവത്തിലെ മൂന്ന് വ്യത്യസ്ത hypostases എന്ന യാഥാർത്ഥ്യവും ഈ പുതിയ നിർവചനം വ്യക്തമാക്കിത്തരുന്നു. അങ്ങനെ പഴയനിയമം കാത്തുസൂക്ഷിക്കുന്ന ഏക ദൈവവിശ്വാസവും ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും സമഞ്ജസമായി അവതരിപ്പിക്കാൻ ഈ പദപ്രയോഗത്തിന് കഴിഞ്ഞു. എന്നാൽ homoousios എന്ന പദം ബൈബിളിൽ നിന്നുള്ളതല്ല, അരിസ്റ്റോട്ടേലിയൻ ചിന്തയിൽ നിന്നാണ് എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. സാവകാശം ഈ വിശ്വാസപ്രമാണം സഭ മുഴുവനിലും പ്രചാരത്തിൽ ആയി. ഇത് വിശ്വാസത്തിന്റെ പാഠപുസ്തകമായി. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ സുനഹദോസിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ സംബന്ധിച്ചുള്ള വിശ്വാസസത്യം നിഖ്യാ വിശ്വാസപ്രമാണത്തിൽ കൂട്ടിച്ചേർത്തു. നിഖ്യാ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തെ സഭ ഔദ്യോഗിക വിശ്വാസപ്രഖ്യാപനമായി അംഗീകരിച്ചു.

ഈ വിശ്വാസപ്രമാണം മുന്നോട്ടുവയ്ക്കുന്ന ചില ദൈവശാസ്ത്രവിചിന്തനങ്ങൾ നമുക്ക് പരിശോധിക്കാം.

### 1. എക്യുമെനിക്കൽ വീക്ഷണം

എല്ലാ ക്രൈസ്തവരെയും ഒന്നിപ്പിക്കുന്ന ഒരു വിശ്വാസ പ്രഖ്യാപനമാണ് ഈ കൗൺസിൽ പുറപ്പെടുവിച്ചത്. എക്യുമെനിക്കൽ ഡയലോഗ് ആരംഭിക്കുവാനുള്ള ഏറ്റവും അടിസ്ഥാനപരമായ തത്വ

www.malankaralibrary.com



ങ്ങൾ കൗൺസിൽ പ്രഖ്യാപനത്തിൽ ഉണ്ട്. അതുകൊണ്ടാണ് ലെയോ പതിനാലാമൻ പാപ്പ 'ക്രൈസ്തവരുടെ പൂർണ്ണവും ദൃശ്യവുമായ ഐക്യത്തിലേക്ക് നയിക്കുന്ന ദിശാസൂചി ആകണം നിഖ്യാ വിശ്വാസം' എന്ന് പ്രഖ്യാപിച്ചത് (Message to the participants in the Ecumenical Symposium on the occasion of the 1700th Anniversary of the Council of Nicaea- 7 June 2025). ത്രിയേക ദൈവം, പൂർണ്ണ ദൈവവും മനുഷ്യനുമായ ക്രിസ്തു, ക്രിസ്തു നേടിത്തന്ന രക്ഷ, സഭ, മാമോദീസ, മരിച്ചവരുടെ ഉയിർപ്പ്, നിത്യജീവൻ ഇവയെല്ലാം ഈ കൗൺസിലിന്റെ വെളിച്ചത്തിൽ ക്രൈസ്തവരെല്ലാം വിശ്വസിക്കുന്ന സത്യങ്ങളാണ്.

## 2. ഈസ്റ്ററിന് ഒരു പൊതുതീയതി

വിശ്വാസത്തിൽ ഐക്യം ഉണ്ടാക്കാൻ എല്ലാ ക്രൈസ്തവരും ഈസ്റ്റർ ഒരേ ദിവസം ആഘോഷിക്കണമെന്ന് കൗൺസിൽ നിഷ്കർഷിച്ചു. ഈസ്റ്ററിന് അങ്ങനെയൊരു പൊതുതീയതി മുൻപ് ഉണ്ടായിരുന്നില്ല. വസന്തത്തിലെ വിഷുവത്തിനുശേഷം (spring equinox) വരുന്ന പൂർണ്ണചന്ദ്രന് ശേഷം ഉള്ള ആദ്യ ഞായറാഴ്ചയാണ് ഈസ്റ്റർ ആഘോഷിക്കേണ്ടത് എന്ന് കൗൺസിൽ പഠിപ്പിച്ചു. ബി.സി. 46-ൽ ജൂലിയസ് സീസർ ചക്രവർത്തി കൊണ്ടുവന്ന ജൂലിയൻ കലണ്ടർ ആണ് ഈസ്റ്റർ ആഘോഷിക്കുന്നതിനായി പൊതുവേ എല്ലാവരും ഉപയോഗിച്ചിരുന്നത്. എന്നാൽ ഈ കലണ്ടറിന്റെ കുറവുകൾ നികത്തി ശാസ്ത്രീയമായി അത് പതിനാറാം നൂറ്റാണ്ടിൽ (1583) ഗ്രിഗറി പതിമൂന്നാമൻ പാപ്പാ പരിഷ്കരിച്ചപ്പോൾ (ഗ്രിഗോറിയൻ കലണ്ടർ) ഈസ്റ്റർ ആഘോഷിക്കുന്ന തീയതികളിൽ വ്യത്യാസമുണ്ടായി. ക്രൈസ്തവർ ഒരേ ദിവസം ഈസ്റ്റർ ആഘോഷിക്കാനുള്ള ചർച്ചകൾ കത്തോലിക്ക-ഓർത്തഡോക്സ് സഭകൾ പരസ്പരം നടത്തുന്നുണ്ട്. ഈസ്റ്ററിന് ഒരു പൊതുതീയതി കണ്ടു

www.malankaralibrary.com

പിടിക്കാനുള്ള ശ്രമങ്ങൾക്ക് കത്തോലിക്കാ സഭയുടെ പിന്തുണയുണ്ടെന്നും പൊതുവായ ഈസ്റ്റർ തീയതി 'യേശുവിന്റെ നാമവും അവിടുത്തെ രക്ഷയും കൂടുതൽ ശക്തമായ മിഷനറി ചൈതന്യത്തോടെ പ്രസംഗിക്കുവാൻ സഹായിക്കുമെന്നും' ലെയോ പാപ്പാ മുകളിൽ ഉദ്ധരിച്ച സന്ദേശത്തിൽ വ്യക്തമാക്കി.

## 3. നിഖ്യാ വിശ്വാസത്തിന്റെ പ്രഖ്യാപനം മാമോദീസയിലും തിരുപ്പട്ടക്രമങ്ങളിലും ഏറ്റവും സുപ്രധാനമായിരുന്നു.

ഈ വിശ്വാസപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ത്രിത്വത്തിന്റെ നാമത്തിലുള്ള മാമോദിസ മാത്രമാണ് സഭയിൽ സ്വീകാര്യമായിരുന്നത്. വിശ്വാസത്തിന്റെ ആധികാരികത സംരക്ഷിക്കുകയും ഓരോ പ്രാദേശികസഭയിലും സഭയുടെ സാർവത്രികത ഉറപ്പുവരുത്തുകയും ചെയ്യുക മെത്രാന്റെ ദൗത്യം ആയിരുന്നു. ഒരു മെത്രാനെ തിരഞ്ഞെടുക്കുമ്പോൾ ആ പ്രൊവിൻസിലെ എല്ലാം മെത്രാന്മാരുടെയും സമ്മതം ആവശ്യമായിരുന്നു. മെത്രാൻ തെരഞ്ഞെടുപ്പിന്റെ സ്ഥിരീകരണം അവിടുത്തെ മെത്രാപ്പോലീത്തയാണ് നൽകിയിരുന്നത്. ഇതെല്ലാം നിഖ്യാ സൂനഹദോസിന്റെ തീരുമാനങ്ങൾ ആയിരുന്നു. ഇപ്രകാരം സിനഡാലിറ്റിയുടെയും കൺസീലിയർ ശൈലിയുടെയും അടിസ്ഥാന ഭാവങ്ങൾ നിഖ്യായുടെ സംഭാവനകളാണ്.

## ഉപസംഹാരം

എ.ഡി. 325-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തി നിഖ്യാ കൗൺസിൽ വിളിച്ചു കൂട്ടുവാൻ പ്രധാനപ്പെട്ട കാരണം വിശാലമായ റോമാസാമ്രാജ്യത്തിൽ യഥാർത്ഥ വിശ്വാസികളും ആര്യൻ ഗ്രൂപ്പുകാരുമായുള്ള സംഘർഷം ഇല്ലാതാക്കി വിസ്തൃതമായി ഭൂപ്രദേശത്ത് സമാധാനം സ്ഥാപിക്കുക എന്ന പ്രായോഗിക സമീപനമായിരുന്നു. ബൈബിളിനു പുറത്തുള്ള ഒരു ചിന്താസരണിയും വിശകലനവും സ്വീകരിച്ച നിഖ്യാപിതാക്കന്മാർ ബഹുസ്വരതയുടെ ഓർമ്മപ്പെടുത്തൽകൂടി നമുക്ക് ഈ കൗൺസിൽ വഴി നൽകുന്നുണ്ട്. ചിന്താവൈജാത്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് എന്നാൽ കാതലായ വിശ്വാസസത്യങ്ങളിൽ ഒരുമിച്ചുനിന്നു മുന്നേറുവാൻ ഈ കൗൺസിൽ എല്ലാ ക്രൈസ്തവരെയും ഉൽബോധിപ്പിക്കുന്നു.

